LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലാ പഞ്ചായത്തിൽ നടന്ന അരിവിതരണത്തിലെ ക്രമക്കേട്

93 [912] ശ്രീ. ഇ. എം. അഗസ്തി:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ:
,, എ. പി. അനിൽകുമാർ:
,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തുവഴി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്ന് വിതരണം ചെയ്ത അരി ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ വ്യാജ ഒപ്പും ഓഫീസ് സീലും ഉപയോഗിച്ച് ആരെങ്കിലും തട്ടിയെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ചെയ്തതാരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പുനലൂർ, തൊടുപുഴ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു പ്രതിയെ ഇതിനകം പുനലൂർ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിലെ സമ്പൂർണ്ണ നികുതി പിരിവ്

94 [914] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷം 100% നികുതി പിരിവ് കൈവരിച്ച എത്ര ഗ്രാമ പഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരം വ്യക്തമാക്കാമോ;

(സി) നികുതി പിരിവ് ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടതെന്ന് വിശദീകരിക്കാമോ;

(ഡി) മുൻകാലങ്ങളിൽ 100% നികുതി പിരിച്ചെടുത്തിരുന്ന ശ്രമങ്ങളിൽ നിന്ന് ഇപ്പോൾ പിന്നോട്ടു പോകാനുള്ള കാരണം വ്യക്തമാക്കാമോ?